## കെ. അബൂബക്കര്‍



**മങ്കട** ജമാഅത്ത് ഘടകത്തില്‍ അംഗമായിരുന്നു കെ. അബൂബക്കര്‍ മൗലവി. 1967 മുതല്‍ ജമാഅത്തുമായി ബന്ധപ്പെട്ടിട്ടുണ്ട്.

ഫാറൂഖ് റൗളത്തുല്‍ ഉലൂമില്‍നിന്ന് പഠനം പൂര്‍ത്തിയാക്കിയ ശേഷം രണ്ടത്താണി ഗവ. യു.പി സ്‌കൂള്‍, മങ്കട ഗവ. എല്‍.പി സ്‌കൂള്‍, മങ്കട ഗവ. ഹൈസ്‌കൂള്‍ എന്നിവയില്‍ അധ്യാപകനായി സേവനമനുഷ്ഠിച്ചു.

സ്വന്തം മഹല്ലായ ഏലച്ചോല ജുമാ മസ്ജിദ് കമ്മിറ്റി പ്രസിഡന്റ്, മങ്കട നജാത്തുല്‍ അനാം ട്രസ്റ്റ് സെക്രട്ടറി, മങ്കട പരിസര പ്രദേശങ്ങളിലെ മസ്ജിദ് കോ-ഓര്‍ഡിനേഷന്‍ കമ്മിറ്റി ട്രഷറര്‍ എന്നീ നിലകളില്‍ സേവനമനുഷ്ഠിച്ചുവരികയായിരുന്നു.

ശാന്തപുരം അല്‍ജാമിഅ അല്‍ ഇസ്‌ലാമിയ്യയുടെ ഭരണസമിതി സെക്രട്ടറിയും കേരള ജമാഅത്തെ ഇസ്‌ലാമി ശൂറാംഗവുമായ കെ.കെ മമ്മുണ്ണി മൗലവിയുടെ സഹോദരിയും മങ്കട വനിതാ കാര്‍കുന്‍ ഹല്‍ഖാ നാസിമത്തുമായ കെ.കെ സുലൈഖയാണ് ഭാര്യ. മക്കള്‍ പ്രസ്ഥാന പ്രവര്‍ത്തകരാണ്.

**എസ്.എച്ച് കടന്നമണ്ണ**

## എം.കെ അബ്ദുര്‍റഹ്മാന്‍ മാസ്റ്റര്‍



**മലപ്പുറം** ജില്ലയിലെ വാഴയൂര്‍ പഞ്ചായത്തില്‍ ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ട ആദ്യത്തെ വ്യക്തിയാണ് അബ്ദുര്‍റഹ്മാന്‍ മാസ്റ്റര്‍. 1960-കളില്‍ ചേന്ദമംഗല്ലൂരില്‍നിന്ന് കെ.ടി മുഹമ്മദ് മൗലവി വാഴയൂരില്‍ മദ്‌റസാധ്യാപകനായി വന്നതോടു കൂടിയാണ് അബ്ദുര്‍റഹ്മാന്‍ മാസ്റ്റര്‍ ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. മദ്‌റസയോട് ചേര്‍ന്നുള്ള പള്ളിയുടെ നിര്‍മാണവും ഹല്‍ഖാ രൂപീകരണത്തിന്റെ തുടക്കമെന്ന നിലക്ക് രൂപംകൊണ്ട ഇസ്‌ലാമിക് സ്റ്റഡി സര്‍ക്കിളും പ്രദേശത്തിന് ഇസ്‌ലാമികമായ ഉണര്‍വ് നല്‍കി. ഹല്‍ഖ രൂപീകരിച്ചപ്പോള്‍ അതിന്റെ നേതൃസ്ഥാനത്ത് ഏറെക്കാലം സേവനമനുഷ്ഠിച്ചു. വാഴയൂരിലെ മിക്ക വികസന സംരംഭങ്ങളിലും അദ്ദേഹത്തിന്റെ നേതൃത്വമോ സാന്നിധ്യമോ ഉണ്ടായിരുന്നു.

**അബൂ ഫാസില്‍ അല്‍കോബാര്‍**